"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്ന ശ്രീ.ശിവറാം.എച്ച്-നെ ബോർഡിന്റെ ചുമതലകളിൽനിന്ന് വിടുതൽ ചെയ്ത ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.736/2025/LBR തീയതി,തിരുവനന്തപുരം, 19-06-2025**

---

പരാമർശം:-

1. 13.06.2024-ലെ സ.ഉ(സാധാ) നം. 627/2024/തൊഴിൽ.
2. 31.05.2025-ലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഇ1/133/2024/KSUWSSB നമ്പർ നടപടിക്രമം.
3. 31.05.2025-ലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ E1-133/2024/KSUWSSB നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവന്നിരുന്ന ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീ.ശിവറാം.എച്ച്-ന്റെ ഒരു വർഷ അന്യത്രസേവന കാലാവധി 17.06.2025-ലാണ് പൂർത്തികരിക്കുന്നത് എന്നിരിക്കെ മാതൃവകപ്പിലെ സേവന സംബന്ധമായ സൗകര്യം യഥാവിധി പ്രയോജനപ്പെടുത്തുന്നതിനായി നിശ്ചിത കാലയളവിന് മുൻപായി അന്യത്രസേവനത്തിൽ നിന്നും വിടുതൽ ചെയ്യണമെന്ന ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ബോർഡിന്റെ ഔദ്യോഗിക ചുമതലകളിൽ നിന്നും ടിയാനെ 31.05.2025 തീയതി പ്രാബല്യത്തിൽ വിടുതൽ ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവന്നിരുന്ന ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീ.ശിവറാം.എച്ച്-നെ, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, അന്യത്ര സേവനകാലാവധി പൂർത്തിയാക്കുന്നതിന് മുൻപായി, പരാമർശം (2) പ്രകാരം ബോർഡിന്റെ ചുമതലകളിൽനിന്നും വിടുതൽ ചെയ്ത ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റെറ്റി പി തോമസ്

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ

ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
സെക്ഷൻ ഓഫീസർ
Date: 19-06-2025 11:40:13

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്